# ബിത്ര എന്ന കുഞ്ഞു ദ്വീപ്

• അഷ്കർ കബീർ




അറബികളുടെ നിരന്തര സഞ്ചാരത്തിൽ നിന്നാണ് ഇന്ത്യൻ മഹാസമുദ്രത്തിലെ പ്രത്യേക ഭാഗത്തിന് അറബിക്കടൽ എന്ന പേര് ലഭിക്കുന്നത് തന്നെ. അറബിക്കടലിലെ 36 ദ്വീപുകളെയാണ് ലക്ഷദ്വീപെന്ന് വിളിക്കുന്നത്.

ലക്ഷദ്വീപിൽ ജനവാസത്തിൽ ഏറ്റവും ചെറിയ ദ്വീപാണ് ബിത്ര. അഞ്ഞൂറിൽ താഴെ മാത്രമാണ് ഇവിടത്തെ ജനസംഖ്യ.

കൊച്ചിയിൽ നിന്നും കോഴിക്കോട് നിന്നും മംഗലാപുരത്തു നിന്നും കടൽമാർഗം മാത്രമേ ബിത്രയിൽ എത്തിച്ചേരാനാകൂ. കൊച്ചിയിൽ നിന്ന് അറബിക്കടലിലൂടെ ബിത്രയിലേക്കുള്ള കപ്പൽ യാത്രയും വിഭ്രമിപ്പിക്കുന്നതാണ്. നീലക്കടലിന്റെ വിരിമാറിലൂടെ 483 നോട്ടിക് മൈൽ സഞ്ചരിച്ച് ബിത്രയിലേക്കടുക്കുമ്പോൾ ഇളം പച്ചനിറത്തിലുള്ള കായകളാണ് നമ്മെ സ്വാഗതം ചെയ്യുക. കുഞ്ഞു ദ്വീപാണെങ്കിലും ഏറ്റവും വലിയ പവിഴ തടാകമുള്ള ദ്വീപ് കൂടിയാണ് ബിത്ര.

അതിമനോഹരമായ ദ്വീപാണെങ്കിലും ലക്ഷദ്വീപിലെത്തന്നെ ഒറ്റപ്പെട്ട തുരുത്താണ് ബിത്ര. പല മേഖലയിലും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയാണ് ബിത്ര നേരിടുന്ന പ്രധാന



▸▸ ഏറ്റവും വേഗത്തിലൊഴുകുന്ന ഇന്ത്യൻ നദി– ടീസ്റ്റ

വെല്ലുവിളി. എട്ടാം ക്ലാസ് വരെ മാത്രമുള്ള ബേസിക് സ്കൂളാണ് ആകെയുള്ള വിദ്യാഭ്യാസ സ്ഥാപനം. തുടർ പഠനത്തിനായി മറ്റു ദ്വീപുകളെ ആശ്രയിക്കുക യേ നിർവ്വാഹമുള്ളൂ. കുടിവെള്ള ക്ഷാമവും അതിരൂക്ഷമാണ്.



കിണറുകളിലാകട്ടെ അധികവും ഉപ്പു വെള്ളമാണ് ഊറി വരുന്നത്. അടുത്ത കാലം വരെ മണിക്കൂറുകളോളം യാത്ര ചെയ്ത് ചെത്ത്‌ലത്തിൽ നിന്നാണ് കുടിവെള്ളമെത്തിച്ചിരുന്നത്. ഇപ്പോഴും കുളിക്കും മറ്റാവശ്യങ്ങൾക്കും ഉപ്പുവെള്ളമാണ് ശരണം.

മാസത്തിൽ മൂന്ന് കപ്പലുകൾ മാത്രമേ നിലവിൽ ബിത്രയിലേക്കുള്ളൂ. പിന്നെയുള്ളത് കവരത്തിയിൽ നിന്നുള്ള ചെറുയാനപാത്രങ്ങളാണ്. ഏത് നിമിഷവും കാറ്റിന്റെ ഗതി മാറാം. അപ്പോൾ ചെറുയാനപാത്രങ്ങളും നിർത്തലാക്കും. വർഷത്തിൽ മൺസൂണിലെ 5 മാസം ബിത്ര തീർത്തും ഒറ്റപ്പെടും.

സാധാരണയായി കവരത്തിയിൽ നിന്നും ചെത്ത്‌ലത്തിൽ നിന്നുമാണ് ബിത്രയിലേക്കുള്ള ഭക്ഷ്യവസ്തുക്കളെത്തുന്നത്. മൺസൂണിൽ അതിനും ദൗർലഭ്യമാകും. ചെത്ത്‌ലത്തിൽ നിന്നുതന്നെ 6 മണിക്കുറുണ്ട് ഇവിടേക്ക്.

മറ്റു ദ്വീപുകളിൽ നിന്നെത്തുന്ന മാംസം മാസങ്ങളോളം സൂക്ഷിച്ചുവെച്ചാണ് ഉപയോഗിക്കുന്നത്.

ഒരു പ്രാഥമിക ചികിത്സാ കേന്ദ്രമുണ്ടെങ്കിലും അധിക രോഗങ്ങൾക്കും മറ്റു ദ്വീപുകളെയാണ് ബിത്ര ആശ്രയിക്കുന്നത്.

ഈ അസൗകര്യങ്ങൾക്കിടയിലും സ്വച്ഛമായും ശാന്തമായുമാണ് ഇവിടത്തെ നിവാസികൾ കഴിഞ്ഞുകൂടുന്നത്.

•



▸▸ എല്ലാ ഋതുക്കളുടെയും സംസ്ഥാനം എന്നറിയപ്പെടുന്നത് – ഹിമാചൽ പ്രദേശ്